# തവനൂർ ഗ്രാമപഞ്ചായത്ത്

**അഞ്ചാം വാർഡ് (കടകശ്ശേരി) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.**

**( 2018-2019സാമ്പത്തികവർഷത്തിൽ 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 11 വരെ നടന്നിട്ടുള്ള  പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട് - കരട്)**

**തയ്യാറാക്കിയത് : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ മലപ്പുറം ജില്ലാ യുണിറ്റ്/പൊന്നാനി ബ്ലോക്ക്**

**സമർപ്പണം: അഞ്ചാം വാർഡ് ഗ്രാമസഭ മുമ്പാകെ**

**തൊഴിലുറപ്പ് പദ്ധതിയിൽ ആറുമാസത്തിലൊരിക്കൽ നടന്നിരിക്കേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി തവനൂർ ഗ്രാമ പഞ്ചായത്തിന്റെ എട്ടാം വാർഡിൽ നടത്തിയ2018-19വർഷത്തിലെ ഒക്ടോബർ ഒന്നുമുതൽ മാർച്ച് 11 വരെയുള്ള കാലഘട്ടത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് ആണിത്. കൂടുതൽ ചർച്ചകൾക്കും വിലയിരുത്തലിനും ഗ്രാമസഭയുടെ അംഗീകാരത്തിനുമായി ഗ്രാമസഭയുടെ മുമ്പിൽ സമർപ്പിക്കുന്നു.**

## ആമുഖം

ഭാരതത്തിലെ ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുതുനതിനു വേണ്ടി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 സെപ്തംബർ 5 നു പാർലമെന്റ് പാസ്സാക്കി.നിയമത്തിന്റെ പിൻബലമുള്ള അവകാശധിശാധിഷ്ട്ടിത പദ്ധതിയാണിത്.സ്ത്രീക്കും പുരുഷനും തുല്യ വേതനം ഉറപ്പു വരുതുന്നതിനോടൊപ്പം ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും 100 ദിവസത്തെ വേതനതോട് കൂടിയ അവിധ്ഗ്ദ്ധ കായിക തൊഴിൽ ഈ നിയമം ഉറപ്പു വരുത്തുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്കിൽ പെട്ട തവനൂർ ഗ്രാമപഞ്ചായത്ത് 25.28 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതാണ്. വടക്കും കിഴക്കും പടിഞ്ഞാറും ഭാഗങ്ങൾ ഭാരതപ്പുഴ ചുറ്റപ്പെട്ടുകിടക്കുന്ന പഞ്ചായത്തിന്റെ തെക്കുഭാഗത്ത് കാലടി ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. 2011 സെൻസസ് പ്രകാരം 46993 പേർ ജീവിക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ 24406 പേർ സ്ത്രീകളും 22587പേർ പുരുഷൻമാരുമാണ്.ആകെ 19 വാർഡുകളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്.ഇതിൽ അഞ്ചാം വാർഡായ കടകശ്ശേരിയാണ് സോഷ്യൽ ഓഡിറ്റ് പ്രക്രിയക്കായി തെരഞ്ഞെടുത്. വാർഡ് പൊതുവെ ജനവാസകേന്ദ്രങ്ങളായ താഴ്ന്ന പ്രദേശങ്ങളും ചെറിയൊരു ഭാഗം വയലുകളും നിറഞ്ഞതാണ്. വാർഡ് പൂർണ്ണമായും ഭാരതപ്പുഴയുടെ വൃഷ്ടി പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. തെങ്ങാണ് വാർഡിലെ പ്രധാന കാർഷികവിള. കൂടാതെ വാഴ, പച്ചക്കറികൾ, കുറഞ്ഞ അളവിൽ നെല്ല് എന്നിവയും ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. വാർഡിൽ അംഗനവാടി , മദ്രസ്സ , എരുവളം എസ് സി കോളനികളും ഉണ്ട്.

## രീതീശാസ്ത്രം

തവനൂർ പഞ്ചായത്തിലെ അഞ്ചാം വാർഡ്(കടകശ്ശേരി) സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ: 2019 മാർച്ച് 11 മുതൽ 17 വരെയാണ്. കടകശ്ശേരി വാർഡിൽ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായുള്ള വിശദമായ ഫയൽ പരിശോധനയും ഫീൽഡ് തല പരിശോധനകളും നടക്കുന്നത്.2018 ഒക്ടോബർ ഒന്നിനു ശേഷം നടന്നിട്ടുള്ള പ്രവർത്തികൾ മാത്രമാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിരിക്കുന്നത്.സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടക്കുന്ന ദിവസങ്ങൾ പദ്ധതി നടത്തിപ്പിന്റെ മൂർധന്യാവസ്ഥയിൽ ഉള്ള ദിവസങ്ങൾ കൂടി ആയിരുന്നു. അതുകൊണ്ടുതന്നെ മുഴുവൻ ജീവനക്കാരും ജോലിത്തിരക്കിൽ ആയിരുന്നു. സ്വാഭാവികമായും ജീവനക്കാർക്ക് അധിക ജോലിഭാരം നൽകുന്ന സോഷ്യൽ ഓഡിറ്റിനോട് മുഖം തിരിഞ്ഞ് നിൽക്കാവുന്ന സാഹചര്യമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി കൂടുതൽ സമയം ജോലി ചെയ്യാൻ തയ്യാറാകുകയും നല്ല രീതിയിൽ മുന്നോട്ടു പോകുന്നതിന് ആവശ്യമായ പിന്തുണ നൽകുകയും ആണ് അവർ ചെയ്തത്. തവനൂർ പഞ്ചായത്തിലെ തൊഴിലുറപ്പ് ജീവനക്കാരെ പ്രത്യേകം അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു. കൂടാത ജോയിൻറ് ബി.ഡി.ഒ, ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, ജെപിസി എന്നീ ഉദ്യോഗസ്ഥന്മാരുടെയും പൂർണപിന്തുണ സോഷ്യൽ ഓഡിറ്റിന് ഉണ്ടായിരുന്നു. ഫീൽഡ് പ്രവർത്തനങ്ങൾക്ക് മേറ്റ്മാരായ ശ്രീമതി ശ്യാമള,ശ്രീമതി.ശാരദ എന്നിവർ അവരുടെ സമയവും അറിവും അധ്വാനവും സ്വമേധയാ നൽകിയിട്ടുണ്ട്. വ്യക്തിജീവിതത്തിലെ പ്രതിസന്ധികൾക്കിടയിലും ഇതിനു സമയം കണ്ടെത്തിയ മേറ്റുമാരുടെ സമീപനം പ്രത്യേകം സ്മരിക്കുന്നു. പഞ്ചായത്ത് പ്രസിഡണ്ട് അദ്ദേഹത്തിൻറെ അറിവുകളും സമയവും സോഷ്യൽ ഓഡിറ്റിനു വേണ്ടി നൽകിയിരുന്നു. പഞ്ചായത്ത് സെക്രട്ടറിയും വളരെയധികം സഹായകമായ നിലപാടാണ് സ്വീകരിച്ചത്. വർക്ക് ഫയലുകളുടെയും രജിസ്റ്ററുകളുടെയും വിശദമായ പരിശോധന, പ്രവർത്തി നടന്നിട്ടുള്ള സ്ഥലങ്ങളുടെ നേരിട്ട് ചെന്ന് വിശദമായ പരിശോധന, വീടുവീടാന്തരം കയറിയിറങ്ങിയുള്ള ഗുണഭോക്താക്കളുമായുള്ള അഭിമുഖങ്ങൾ, അങ്ങനെ വിശദമായ പ്രവർത്തനങ്ങളാണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നിട്ടുള്ളത്.

## തൊഴിലുറപ്പ്നിയമം തൊഴിലാളികൾക്ക് ഉറപ്പ്നൽകുന്ന പത്ത് അവകാശങ്ങൾ

1. തൊഴിൽകാർഡിനു അപേക്ഷിക്കുവാൻ ഉള്ള അവകാശം
2. അപേക്ഷിച്ച്15 ദിവസത്തിനുള്ളിൽ തൊഴിൽലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് റസീത് ലഭിക്കുന്നതിനും ഉള്ള അവകാശം.
3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ള ദിവസങ്ങളിൽ 1/2)
4. ഷെൽഫ്ഓഫ് പ്രോജകറ്റ് തയ്യാറാക്കുവാനുള്ള അവകാശം.
5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന്റെ 10% അധികംലഭിക്കുവാനുള്ള അവകാശം
6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം ഇവലഭിക്കുന്നതിനുള്ള അവകാശം.
7. 15 ദിവസത്തിനുള്ളിൽ വേതനംലഭിക്കുന്നതിനുള്ള അവകാശം.
8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.
9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

## തവനൂർ ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ തൊഴിലുറപ്പ് പദ്ധതി

കടകശ്ശേരി വാർഡിൽ ആകെ 246 തൊഴിലാളികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. 246 കുടുംബങ്ങളാണ് തൊഴിൽ കാർഡ് കൈപ്പറ്റിയിട്ടുള്ളത്.ഇതിൽ 42പേർ സജീവ തൊഴിലാളികളാണ്. ഈ വാർഡിൽ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ നടപ്പിലാക്കിയിരിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

| SL NO. | പ്രവർത്തിയുടെ പേര് |
|---|---|
| 1 | **കിണർ ആൾമറ നിർമ്മാണം ജയശ്രീ-IF/339139** |
| 2 | **ചെറുകിട നാമമാത്രകർഷകരുടെ ഭൂമിയിൽ മണ്ണ്-ജലസംരക്ഷണം-IF/368176** |
| 3 | **ചെറുകിട നാമമാത്രകർഷകരുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തികൾ ഘട്ടം 2-IF/371557** |
| 4 | **IHHL നിർമ്മാണം സാജിത . എൻ -IF/352921** |

| | |
|---|---|
| 5 | **ആറ്റത്തോട് പുനരുദ്ധാരണം തടയണ നിർമ്മാണം- WH/300897** |
| 6 | **IHHL നിർമ്മാണം ജിയോമോൾ- IF/379856** |
| 7 | **കിണർ ആൾമറ നിർമ്മാണം വത്സല-IF/339124** |

**7 രജിസ്റർ പരിശോധന സംബന്ധിച്ച്**

- തൊഴിൽ കാർഡ് രജിസ്ററിൽ2018 ഒക്ടോബർ മുതൽ 2019 മാർച്ച് 31 വരെ അപേക്ഷിച്ചവരുടെ വിവരങ്ങൾ മാത്രമേ കാണാൻ കഴിഞ്ഞുള്ളു.
- തൊഴിൽ കാർഡ് വിതരണ രജിസ്റർ പരിശോധിച്ചപ്പോൾ ഈ കാലയളവിൽ വാർഡ് 5 ൽ 9 പേർക്ക് തൊഴിൽകാർഡ് നൽകിയതായി കാണാൻ കഴിഞ്ഞു.
- തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ അനുവദിച്ച തൊഴിലാളികളുടെ വിവരങ്ങളും രജിസ്റ്ററിൽ കാണാൻ സാധിച്ചു.
- വർക്ക് രജിസ്റർ പരിശോധിച്ചപ്പോൾ അഞ്ചാം വാർഡിലെ 2019 മാർച്ച് 31 വരെയുള്ള പ്രവൃത്തികൾ രേഖപ്പെടുത്തിയതായി കാണുന്നു.
- പരാതി രജിസ്ററിൽ 2019 ൽ 3 പരാതികൾ കാണാൻ സാധിച്ചു.
- മെറ്റീരിയൽ രജിസ്ററിൽ 2018-19 സാമ്പത്തിക വർഷത്തെ മെറ്റീരിയലിന്ററെ ഒരു വിവരവും രേഖപ്പെടുത്തിയിട്ടില്ല
- സ്ഥിര ആസ്തി രജിസ്ററിൽ 4-പ്രവർത്തികളുടെ വിവരങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ .
- ഗ്രാമ സഭാ രജിസ്റ്റർ :2018-2019 വർഷത്തെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരണത്തിന്ററെയും 2019-20 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുന്നതിന്ററെയും ഭാഗമായി ഗ്രാമസഭ ചേർന്നതായി റജിസ്ററെരിൽ കാണുന്നുവെങ്കിലും അതിന്ററെ മിനിറ്റ്സ് , തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.കൂടാതെ 2019-20സാമ്പത്തിക വർഷത്തിൽ വാർഡിൽ നടപ്പിലാക്കേണ്ട പ്രവർത്തികളെ സമ്പന്തിച്ച വിവരങ്ങൾ രേഖപ്പെടുത്തി കണ്ടില്ല.

## വർക്ക് ഫയലുകൾ

Annual Master Circular അദ്ധ്യായം -7 പ്രകാരം ഒരു വർക്ക് ഫയലിൽ ഉണ്ടായിരിക്കേണ്ട 22 – രേഖകൾ:

1. കവർ പേജ്
2. ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെൻസ്
3. ആക്ഷൻ പ്ലാൻ കോപ്പി
4. കൺവെർജെൻ്സ് ഡീറ്റൈൽസ്
5. സാങ്കേതികാനുമതി
6. ഭരണാനുമതി
7. എസ്റ്റിമേറ്റ്
8. ഡിമാൻഡ് ഫോം

9. വർക്ക് അലോകേഷൻ ഫോം
10. മസ്റ്റർ റോൾ
11. മെറ്റീരിയൽ സംബന്ധിച്ച വിവരങ്ങൾ
12. എം.ബുക്ക്
13. എഫ് ടി ഒ
14. വേജ് ലിസ്റ്റ്
15. മെറ്റീരീയൽ വൌച്ചർ ബിൽ
16. റോയൽറ്റി(ടെണ്ടർ)
17. ഫോട്ടോഗ്രാഫ്
18. സാക്ഷ്യപത്രം
19. മസ്റ്റർമൂവ്മെൻറ് സ്ലിപ്പ്
20. ജിയോടാഗ്ഗ്  ഫോട്ടോഗ്രാഫ്
21. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്
22. സൈറ്റ്ഡയറി

## കവർ പേജ്.

- ഫയൽ വെരിഫിക്കേഷൻറ് ഭാഗമായി 7 ഫയലുകളാണ് പരിശോധിച്ചത്.അതിൽ 6 ഫയലിൽ മാത്രമാണ് കവർപേജ് കാണാൻ സാധിച്ചത്.
- IF/352921-IHHL നിർമ്മാണം സാജിത.എൻ ഫയലിൽ കവർപേജ് കാണാൻ കഴിഞ്ഞില്ല.
- ,കവർപേജിൽ വർക്കിൻറ് പേര്, കോഡ്, പ്രവർത്തിയുടെ വിഭാഗം, സ്ഥലം,പ്രവർത്തിആരംഭിച്ച തിയ്യതി, അവസാനിച്ച തിയ്യതി,അടങ്കൽ തുക,യഥാർത്ഥ ചിലവ്,ഷെൽ ഓഫ് വർക്ക് സീരീയൽ നമ്പർ. ഓവർസിയർ ഒപ്പ് സീൽ ഉൾപ്പെടിത്തിയിട്ടുണ്ട്.
- ജിയോടാഗ്ഗ്,ലോക്കഷൻ ഓഫ് വർക്ക്,സോഷ്യൽ ഓഡിറ്റ് വിവരങ്ങൾ എന്നിവ കാണുവാൻ സാധിച്ചില്ല.

## <u>ചെക്ക് ലിസ്റ്റ്</u>

- പരിശോധിച്ച 7 ഫയലിൽ 6 ഫയലിൽ ചെക്ക് ലിസ്റ്റ് കാണാൻ സാധിച്ചു.
- ചെക്ക് ലിസ്റ്റിൽ എല്ലാ ഫയലുകളുടെയ്യും രേഖകളുടെ എണ്ണം എഴുതിയതായി പൂർത്തികരിച്ചതായി കാണാൻ സാധിച്ചിട്ടില്ല.

## <u>ആക്ഷൻ പ്ലാൻ കോപ്പി</u>

പരിശോധിച്ച 7 ഫയലുകളിലും ആക്ഷൻപ്ലാൻ കോപ്പി കാണാൻ കഴിഞ്ഞു.  ഈ പ്രവർത്തികളെല്ലാം വിഭാഗം ബി വ്യക്തികത ആസ്തികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## <u>എസ്റിമേറ്റ്</u>

- അബ്സ്ട്രാക്റ്റ് ഓഫ് എസ്റിമേറ്റ് ,വിശദമായ എസ്റ്റിമേറ്റ് എന്നിവ എല്ലാ ഫയലുകളിലും ഉൾപ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളി-സാധന ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ,റേറ്റ്അനാലിസിസ്,ലീഡ്& ലിഫ്റ്റ് വിവരങ്ങൾ,ബോഡിനെ സംബന്ധിച്ച വിവരങ്ങൾ എന്നിവ കൃത്യമായി ചേർത്തിട്ടുണ്ട്.
- വർക്ക് എസ്റ്റിമെടിൽ അഗ്രികൾച്ചറർ ഓഫിസർ,എ ഇ,ഓവർസീയർ എന്നിവരുടെ ഒപ്പ് സീൽ എന്നിവ കാണുവാൻ സാധിച്ചു.എന്നാൽ ഒപ്പിനോടൊപ്പം തീയതി രേഖപ്പെട്ടിയിടില്ല.
- ചെറുകിട കർഷകരുടെ ഭൂമിയിൽ മണ്ണ്-ജല സംരക്ഷണം( IF/368176) ഫയലിൽ ജനകീയ എസ്റ്റിമേറ്റ് കാണാൻ സാധിച്ചു.

## സാങ്കേതിക അനുമതി

- പരിശോധിച്ച 7 ഫയലുകളിലും സാങ്കേതിക അനുമതിയുടെ കോപ്പി ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഭരണാനുമതി നൽകിയ അധികൃതർ ,തീയതി,എസ്റിമേറ്റ് തുക,തൊഴിലാളി-സാധന ഘടകങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തി എ ഇ ,ഓവർസീയർ എന്നിവ ഒപ്പ്,സീൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ തീയതി രേഖപ്പെടുതിയിടില്ല.

## ഭരണാനുമതി

- പരിശോധിച്ച 20 ഫയലുകളിലെല്ലാം ഭരണാനുമതിയുടെ പകർപ്പ് സൂക്ഷിച്ചിട്ടുണ്ട്..
- ഇതിൽ ഭരണാനുമതി നമ്പർ ,തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- പഞ്ചായത്ത് സെക്രട്ടറി ഒപ്പ് ,സീൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
-

## ഡിമാൻഡ് ഫോം

- IF/368176,IF/371557,WH/300897 എന്നീ ഫയലുകളിൽ ഡിമാൻഡ് ഫോം കാണാൻ സാധിച്ചു.
- 42 തൊഴിലാളികളാണ് തൊഴിലിന് വേണ്ടി അപേക്ഷിച്ചിരിക്കുന്നത്. തൊഴിലാളികളുടെ അപേക്ഷയിൽ തൊഴിലാളികളുടെ പേരും തൊഴിൽകാർഡ് നമ്പർ,ഒപ്പ് എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു.
- വർക്ക് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള അപേക്ഷ ഫോമിൽ പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ മറുപടി രസീറ്റ് ചേർത്തിട്ടുണ്ട്.

## മസ്റ്റർറോൾ

- പരിശോധിച്ച 7 ഫയലുകളിലും അവിദഗ്ദ,വിദഗ്ദ തൊഴിലാളികളുടെ മസ്റ്റർ റോളുകൾ സൂക്ഷിച്ചിട്ടുണ്ട്.
- ബിഡിഒ,സെക്രട്ടറി എന്നിവരുടെ ഒപ്പ് സീൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

- മസ്റ്റർ റോൾ പരിശോധിച്ച ഉദ്യോഗസ്ഥൻ ,മേറ്റ് എന്നിവരുടെ ഒപ്പ് , ഉൾപ്പെടുത്തിയിട്ടുണ്ട്.
- തവനൂർ പഞ്ചായത്തുകളിലെ മസ്റ്റർ റോളുകളിൽ എം ബുക്ക് നമ്പർ,മസ്റ്റർ റോൾ നമ്പർ,പ്രവർത്തി ചെയ്ത തീയതി,തൊഴിലാളികളുടെ ഹാജർ വിവരങ്ങൾ,ഒപ്പ്,ഒരു ദിവസത്തെ വേതനം,ആകെ വേതനം,പണിയായുധങ്ങളുടെ വാടക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- തവനൂർ പഞ്ചായത്തിൽ ആയുധങ്ങൾ മൂർച്ച കൂട്ടുന്നതിനുള്ള വാടക തൊഴിലാളികൾക്ക് കൊടുത്തതായി ഫയലുകളിൽ രേഖപ്പെടുത്തിയതായി കണ്ടില്ല.

## <u>വേജ് ലിസ്റ്റ്</u>

- ഫയലുകളിൽ എംഐഎസ് ഇൽ നിന്നും ഉള്ള വേജ് ലിസ്റ്റ് ആണ് സൂക്ഷിച്ചിട്ടുള്ളത്.
- അവിദഗ്ദ/വിദഗ്ദ്ധ തൊഴിലാളികളുടെ വേജ് ലിസ്റ്റുകൾ പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.

## <u>എഫ്.ടി.ഒ</u>

- 7 ഫയലുകളിലും മസ്റ്റർറോളിനോട് ചേർന്ന് എഫ് ടി ഒ രേഖപ്പെടിത്തിട്ടുണ്ട് .
- സാധന ഘടകങ്ങൾ ഉള്ള വർക്കുകളിൽ എഫ് ടി ഒ കാണാൻ സാധിച്ചില്ല.

## <u>വർക്ക് അലോക്കേഷൻ ഫോം</u>

പരിശോധിച്ച ഫയലുകളിൽ ഒന്നിലും വർക്ക് അലോക്കേഷൻ ഫോം കാണാൻ സാധിച്ചിട്ടില്ല.

## <u>മസ്ററർ റോള് മൂവ്മെന്റ് സ്ലിപ്/ഫയൽ ട്രാക്കിംഗ് ഫോം</u>

- തവനൂർ ഗ്രാമ പഞ്ചായത്തിലെ പരിശോധിച്ച 7 വർക്ക് ഫയലുകളിൽ മസ്റ്റർ റോൾ മൂവമെൻ്റ സ്ലിപ്പ് ആണ് സൂക്ഷിചിരിയ്ക്കുന്നത്.
- ഇതിൽ മസ്റ്റർ റോള് നമ്പർ,ആരംഭിച്ച തീയതി,അവസാനിച്ച തീയതി,എം ഐ എസിൽ വിവരങ്ങൾ രേഖപ്പ്ടുത്തിയ തീയതി ,എഫ് ടി ഒ ഫസ്റ്റ് സിഗ്നേട്ടറി,സെക്കന്റ് സിഗ്നേട്ടറി തീയതികൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- പ്രവൃത്തിയുടെ അളവ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ തീയതികൾ ഉൾപ്പെടുത്തിയിട്ടില്ല.

## മെറ്റീരിയൽ സംബന്ധിച്ച വിവരങ്ങൾ

- മെറ്റീരിയൽ വാർക്കിന് ബിൽ IHHLനിർമ്മാണം സാജിത . എൻ -IF/352921ഫയലിൽ മാത്രം കാണാൻ സാധിച്ചു.
- ബിൽ നമ്പർ, തിയ്യതി,ചിലവായ തുക എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

## സംയോജിത പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ

IHHL നിർമ്മാണം സാജിത.എൻ പ്രവർത്തിയിൽ VEO സാക്ഷ്യപത്രം കാണാൻ സാധിച്ചു.

## പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

- പരിശോധിച്ച 7ഫയലുകളിലും പ്രവർത്തി പൂർത്തീകരണ സാക്ഷർപത്രം കാണാൻ സാധിച്ചു.
- സാങ്കേതിക വിദഗ്ദ്ധൻ രേഖ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് . എൽ,എസ്.ജി.ഡി അസിസ്റ്റൻറ് എഞ്ചിനീയർ , എൽ.എസ്.ജി.ഡി ഓവർസിയർ ,AE,ASSI.AE സാക്ഷ്യപത്രം സാക്ഷർപ്പെടുത്തിയിട്ടില്ല.

## എം ബുക്ക്

- പരിശോധിച്ച ഫയലുകളിൽ എല്ലാം തന്നെ എം ബുക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്.
- എം ബുക്കിൽ പ്രവൃത്തിയുടെ പേര്,എം ബുക്ക് നമ്പർ,പേജ് നമ്പർ,ഓവർസീയർ,അക്രെഡിറ്റ് എൻജിനീയർ എ എന്നിവരുടെ ഒപ്പ്,സീൽ, എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- എം ബുക്ക് സെക്രട്ടറി സർട്ടിഫൈ ചെയ്തു ഒപ്പ്, സീൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- പ്രീ മെഷർമെൻ്റ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.
- അടങ്കൽ തുക,യഥാർത്ഥ ചെലവ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- സിഐബി ബോർഡിൻ്റ തുക രേഖപ്പെടുത്തിയിട്ടുണ്ട്.

## ഫോട്ടോഗ്രാഫ്

- പരിശോധിച്ച 7 ഫയലുകളിൽ പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിലുള്ള ഫോട്ടോഗ്രാഫ് കാണുവാൻ സാധിച്ചിട്ടില്ല.

## ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്

- പരിശോധിച്ച ഫയലുകളിലൊന്നും തന്നെ ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ് ഉൾപ്പെടുത്തിയിട്ടില്ല.

## സൈറ്റ് ഡയറി

- പ്രവൃത്തികളുടെ ഫയലുകളിൽ 2 ഫയലിൽ മാത്രമെ സൈറ്റ് ഡയറി സൂക്ഷിച്ചിട്ടുള്ളു.
- പ്രവൃത്തിയുടെ പേര്,കോഡ്,ആരംഭിച്ച തീയതി,അവസാനിച്ച തീയതി,അടങ്കൽ തുക,യഥാർത്ഥ ചെലവ്,ചെക്ക് ലിസ്റ്റ്,പ്രവൃത്തി ആരംഭ മീറ്റിങ്ങിന്റെ വിവരങ്ങൾ,തൊഴിലാളികളുടെ സാക്ഷ്യപത്രം,ആയുധങ്ങളുടെ വാടക, വിജിലെൻസ് ആൻന്റ് മോനിട്ടരിംഗ്ഗ് കമ്മിറ്റിയുടെ വിവരങ്ങൾ ,സന്ദർശക കുറിപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- വിജിലെൻസ് ആൻഡ് മോണിറ്ററിംങ് കമ്മിറ്റി വിവരങ്ങൾ പൂർത്തികരിച്ചിട്ടില്ല.
- ,പ്രവൃത്തി സ്ഥലത്തെ സൌകര്യങ്ങൾ,ചികില്സചെലവ് സംബന്ധിച്ച വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

## കണ്ടെത്തലുകൾ

- പ്രവർത്തി നടക്കുന്ന സ്ഥലങ്ങളുടെ പ്രത്യേകിച്ച് ഭൂവികസന പ്രവർത്തികളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഭൂനികുതി അടച്ച രസീത് ഉൾപ്പെടുത്തിട്ടില്ല.
- IF/339124 കിണർ ആൾമറ നിർമ്മാണം(വത്സല) പ്രവർത്തിയിൽ എസ്റ്റിമേറ്റ് , എം.ബുക്ക് എന്നിവയിൽ സിഐബിക്ക് 2000 രൂപ ചിലാവായത് രേഖപ്പെടിത്തിയിട്ടുണ്ട്. എന്നാൽ പ്രവർത്തി സ്ഥലത്ത് സിഐബി ബോർഡ് കാണാൻ സാധിച്ചില്ല.
- ആറ്റത്തോട് പുനരുദ്ധാരണം WH/300897 പ്രവർത്തിയിൽ 12 തടയണകളാണ് നിർമ്മിച്ചത്. ഇതെല്ലാം പ്രളയമൂലം പൊളിച്ചു കളയേണ്ടി വന്നു. ഇതുമൂലം 47 തൊഴിലാളികളുടെ 110 തൊഴിൽ ദിനങ്ങളും തൊഴിലാളിവേതനം രൂപ .29810 ധനനഷ്ടം ഉണ്ടായിരിക്കുന്നത്.

## CIB യെ കുറിച്ചുള്ള വിവരങ്ങൾ

പദ്ധതിയുടെ നടത്തിപ്പിന്റെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടി തൊഴിലുറപ്പിൽ സ്ഥാപിക്കാറുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഒരൂ പ്രവർത്തി സ്ഥലത്ത് മാത്രം (കിണർ ആൾമറ നിർമ്മാണം വത്സല IF/339124 ) കാണാൻ കഴിഞ്ഞില്ല.എന്നാൽ അതിനുള്ള ചെലവുകൾ വന്നതായി എസ്റ്റിമേറ്റ്,എം ബുക്ക് എന്നിവയിൽ നിന്നും മനസ്സിലാക്കാനും കഴിഞ്ഞു.പരിശോധിച്ച 7 പ്രവൃത്തികളിൽ 6 പ്രവൃത്തി സ്ഥലങ്ങളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞിട്ടുണ്ട്.

## അവകാശ നിഷേധങ്ങൾ

- പണിയായുധങ്ങളുടെ വാടക

സോഷ്യൽ ഓഡിറ്റ് നടക്കുന്ന കാലയളവിൽ തൊഴിലുപകരണങ്ങളുടെ വാടക ഇനത്തിൽ പണം ചെലവാക്കിയിട്ടില്ല. ഉപകരണങ്ങൾ മൂർച്ചയാക്കുന്നതിനു വേണ്ടി പണം ചെലവഴിച്ചിട്ടുണ്ട് നിലവിൽ പഞ്ചായത്തിൽ നിന്നും പണിയായുധങ്ങൾ നൽകുന്നുണ്ട് അതുകൊണ്ടാണ് വാടക നൽകാത്തത് എന്ന് തൊഴിലാളികളും പഞ്ചായത്തിലെ തൊഴിലുറപ്പ് ജീവനക്കാരും അഭിപ്രായപ്പെട്ടു. മൂർച്ചയില്ലാത്ത ഉപകരണങ്ങൾകൊണ്ട് പണിയെടുത്താൽ തൊഴിലാളികളുടെ തൊഴിൽശേഷി പൂർണമായും ഉപയോഗിക്കാൻ കഴിയാതെ വരികയും ഖജനാവിന് നഷ്ടം സംഭവിക്കുകയും ചെയ്യുന്നതാണ്.2018 ഒക്ടോബർ മുതൽ 2019 മാർച്ച് വരെ 3158 തൊഴിൽദിനങ്ങളിലായി 63 വ്യക്തികൾക്ക് 855818

രൂപ വേതനമായി ലഭിച്ചത്(713 മസ്റ്റർറോൾ),ഇതിൻ പ്രകാരം തൊഴിലാളികൾക്ക് ഉപകരണങ്ങൾക്കുള്ള വാടക ഇനത്തിൽ 15790 ലഭിക്കേണ്ടതാണ്.

- തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ

പ്രവർത്തി സ്ഥലത്ത് അപ്രതീക്ഷിതമായി എന്തെങ്കിലും അപകടങ്ങൾ ഉണ്ടായാൽ പ്രഥമ ശുശ്രൂഷ നൽകാൻ ഉള്ള സംവിധാനമായ ഫസ്റ്റ് എയ്ഡ് ബോക്സ് പേരിന് വേണ്ടി ഒന്ന് എന്ന രീതിയിൽ ആണ് വാർഡിൽ കാണാൻ കഴിഞ്ഞത്. അത് മേറ്റിൻ്റ സ്വന്തം ചിലവിലാണ് വാങ്ങിയിരിക്കുന്നത്.

തൊഴിൽ സ്ഥലത്ത് വിശ്രമിക്കാനുള്ള തണൽ ഒരുക്കുന്നതിനുള്ള ടാർപ്പോളീൻഷീറ്റ് കാണാൻ കഴിഞ്ഞില്ല. മാത്രമല്ല കുടിവെള്ള സൗകര്യമൊരുക്കുന്നതിന് കൃത്യമായ ഒരു രീതിയില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത് ചില ദിവസങ്ങളിൽ തൊഴിലാളികൾ കൊണ്ടുവരും ചില ദിവസങ്ങളിൽ വീട്ടുടമയിൽ നിന്നും ലഭിക്കും. മറ്റു ചിലപ്പോൾ തൊഴിലിടങ്ങളിൽ തൊഴിലാളികൾ ചൂടാക്കി എടുക്കും എന്നാണ് കുടിവെള്ള സൗകര്യത്തെ പറ്റി തൊഴിലാളികൾ പറഞ്ഞത്. തൊഴിലുറപ്പ്പദ്ധതിയുടെ വാർഷിക മാസ്റ്റർ സർക്കുലറിലെ അധ്യായം 8- 8.2 പ്രകാരം പ്രവർത്തി സ്ഥലത്ത് വേണ്ടതായ അടിസ്ഥാന സൗകര്യങ്ങളുടെ ലംഘനമാണ് ഇത് സൂചിപ്പിക്കുന്നത്.

## <u>വിജിലൻസ് & മോണിറ്ററിംഗ് കമ്മറ്റി</u>

പരിശോധിച്ച 7 ഫയലുകളിൽ 2 ഫയലുകളിലാണ് സൈറ്റ് ഡയറി ഉണ്ടായിരുന്നത്.ഇവയിൽ എല്ലാം തന്നെ വിജിലൻസ് & മോണിട്ടറിംഗ് കമ്മറ്റിയിലെ അംഗങ്ങൾ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിലെ വിവരങ്ങൾ മുഴുവൻ രേഖപ്പെടുത്തിയിട്ടില്ല. 7 അംഗങ്ങളുള്ള കമ്മിറ്റിയിൽ 4 അംഗങ്ങൾ മാത്രമാണ് വിജിലൻസ് ആൻഡ് മോണിറ്ററിംങ് രേഖയിൽ പേരും ഒപ്പും രേഖപ്പെടുത്തിയിരിക്കുന്നത്.

## <u>നിരീക്ഷണങ്ങൾ</u>

മേറ്റ്മാരെ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

- പദ്ധതിയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്ന മേറ്റ്മാർ 2 പേരാണ് ഉള്ളത്. ശ്യാമള,ശാരദ എന്നിവർ. വളരെയധികം കഴിവുറ്റ ആളുകളായാണ് ഇവരെപ്പറ്റി മനസ്സിലാക്കാൻ കഴിഞ്ഞത്. ആവശ്യമായ പരിശീലനങ്ങളും പിന്തുണയും നൽകിയാൽ ഇവരുടെ സേവനം വാർഡിലെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് വലിയ മുതൽക്കൂട്ടായിരിക്കും. തൊഴിലുറപ്പ് നിയമം, പരിസ്ഥിതി സംരക്ഷണം, നീർത്തടാതിഷ്ഠിത വികസന സമീപനം എന്നിവയിൽ മേറ്റ്മാർക്ക്

പ്രാഥമികമായ പരിജ്ഞാനം ഉണ്ടാവുന്നത് വാർഡിനെ സംബന്ധിച്ചിടത്തോളം ഏറെ ഗുണകരമായിരിക്കും.

തൊഴിൽകാർഡ് സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

- വീടുവീടാന്തരം കയറിയിറങ്ങി തൊഴിലാളികളുടെ തൊഴിൽകാർഡും അവരുടെ ബാങ്ക് പാസ്സ്ബുക്കും പരിശോധനക്ക് വിധേയമാക്കിയിരുന്നു.
- മസ്റ്റർ റോൾ നമ്പറും തൊഴിൽദിനങ്ങളും കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്നതായി കാണാൻ സാധിച്ചു.
- കൂലി ലഭിക്കുന്ന ബാങ്ക് അക്കൌണ്ടിന്റെ പാസ്ബുക്ക് കൃത്യമായി രേഖപ്പെടുത്താത്തതിനാൽ തൊഴിലാളികൾക്ക് ലഭിച്ച വേതനത്തിന്റെ കൃത്യമായ കണക്കുകളും മനസ്സിലാക്കാൻ കഴിയില്ല.

<u>പ്രവൃത്തികളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ.</u>

വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ദുർബല വിഭാഗങ്ങൾക്ക് ഉയർന്ന പരിഗണന നൽകിയതായി കാണാൻ കഴിയുന്നു. പ്രവർത്തി തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് തൊഴിലാളികൾ മുഖ്യ പങ്കുവഹിക്കുന്നതായി അറിയാൻ സാധിച്ചു.

<u>പദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച സ്ഥല പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞ കാര്യങ്ങൾ.</u>

വ്യക്തിഗത ഗുണഭോക്താക്കൾ വരുന്ന പ്രവൃത്തികൾക്ക് പൊതുവേ ഉയർന്ന ഗുണനിലവാരം കാണാൻ കഴിഞ്ഞു. മാത്രമല്ല ഗുണഭോക്തൃവിഹിതം കൂടി ചെലവഴിച്ച് ഇത്തരം ആസ്തികൾ മെച്ചപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ഭൂവികസന പ്രവർത്തനങ്ങൾ പല പേരുകളിലായിട്ടുള്ള പദ്ധതികളായിട്ടാണ് നടപ്പിൽ വരുത്തുന്നത്. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണം, ദുർബല വിഭാഗങ്ങളുടെ ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ, തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ എന്നിങ്ങനെയുള്ള പദ്ധതികൾക്കെല്ലാം സമാന സ്വഭാവമുള്ള പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്. മാത്രമല്ല ഈ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളുമല്ല നടന്നിരിക്കുന്നത്. മഴക്കുഴികൾക്ക് പകരം കാർഷികാവശ്യങ്ങൾക്ക് ഉപയോഗപ്പെടുന്ന തരം കുഴികളും വലിപ്പമേറിയ വേസ്റ്റ് കുഴികളുമാണ് നിർമ്മിക്കപ്പെടുന്നത്. പല കുഴികളും വാഴ, ചേന, ചേമ്പ് എന്നിങ്ങിനെയുള്ള കാർഷിക വിളകൾ നട്ടിരിക്കുന്നതായും കാണാൻ കഴിഞ്ഞു. ഓഫീസിലെ പ്രസ്തുത പ്രവൃത്തികളുടെ വർക്ക് ഫയൽ പരിശോധിച്ചപ്പോൾ വ്യക്തിഗത ഗുണഭോക്താക്കളെ തിരിച്ചറിയാനുള്ള യാതൊരുവിധ രേഖകളും കാണാനും കഴിഞ്ഞില്ല.

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളല്ല നടന്നിരിക്കുന്നത് എന്നതിനാൽ പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കാനും കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. കുഴികളുടെ എണ്ണമെടുക്കാൻപോലും പറ്റാത്ത രീതിയിൽ കുഴികളിൽ വാഴകളും, ചേമ്പ്, ചേന എന്നിവയും നട്ട് പോയിട്ടുണ്ട്. ചില പ്രദേശങ്ങളിൽ പ്രളയംമൂലം കുഴികൾ വെള്ളംകോണ്ട് മൂടപ്പെട്ടിരിക്കുന്നു. സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ പ്രവർത്തികൾ നടക്കുമ്പോൾ ഉടമസ്ഥരും കൂടി പണിക്കിറങ്ങണം എന്ന് നിയമമുണ്ടെങ്കിലും പലയിടത്തും അത് സംഭവിക്കുന്നില്ല.മാത്രമല്ല തൊഴിൽ കാർഡ് പോലും ലഭിക്കാത്ത 10 ഓളം ആളുകളുടെ പുരയിടത്തിലും പ്രവർത്തികൾ നടക്കുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്.

<u>പ്രവർത്തികളുടെ ഗുണമേന്മ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ</u>

എസ്റ്റിമേറ്റിൽ പറയും പ്രകാരമല്ല പല പ്രവർത്തികളും നടന്നിട്ടുള്ളത്.പ്രവർത്തി നടക്കുന്ന ഭൂവുടമയുടെ ആവശ്യപ്രകാരം ആവശ്യമായ പ്രവർത്തികൾ ചെയ്തു കൊടുക്കുന്ന രീതിയാണ് കണ്ടുവരുന്നത്.അതിനാൽ പ്രവർത്തികൾക്ക് ഉയർന്ന ഗുണനിലവാരം കാണാൻ കഴിയുന്നുണ്ട്.ഇതിനു വേണ്ടി തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നതും കാണാൻ കഴിഞ്ഞു.ചുരുക്കത്തിൽ എസ്റ്റിമേറ്റുകൾ പ്രദേശത്തിന്റെ പ്രത്യേകതകളോ ആവശ്യകതകളോ മനസ്സിലാക്കി ഉണ്ടാക്കിയതല്ല എന്ന് മനസ്സിലാക്കാവുന്നതാണ്.

<u>മെറ്റീരിയൽ വർക്ക് സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ</u>

എല്ലാ വർക്കുകളിലും സാധന ഘടകം എസ്റ്റിമേറ്റ് പ്രകാരം ഉണ്ട്. ഒരു ഫയലിൽ മാത്രമാണ് മെറ്റീരീയൽ ബില്ല് കാണാൻ കഴിഞ്ഞിട്ടുള്ളു.

<u>സംയോജിത പദ്ധതികൾ സംബന്ധിച്ച നിരീക്ഷണങ്ങൾ</u>

രേഖകൾ പ്രകാരം സംയോജിത പദ്ധതികൾ സോഷ്യൽ ഓഡിറ്റ് കാലയളവിൽ വിരളമായേ കാണുകയുണ്ടായിട്ടുള്ളു. എന്നാൽ പ്രായോഗിക തലത്തിൽ പല പദ്ധതികളും സംയോജിത സ്വഭാവമുള്ളതാണ്. കിണർ ആൾമറകളും വ്യക്തിഗത കക്കൂസ് നിർമ്മാണങ്ങളും ഗുണഭോക്തൃവിഹിതം അടക്കം ചെലവഴിച്ച് ഉയർന്ന ഗുണനിലവാരത്തിൽ ആണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് പ്രായോഗികതലത്തിൽ സംയോജിത പദ്ധതികളായി തന്നെ പരിഗണിക്കാവുന്നതാണ് എന്നാൽ ഫയലുകൾ പ്രകാരം അത്തരത്തിലല്ല കാണുന്നത്.

<u>പുതിയ പ്രവർത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ അഭിപ്രായങ്ങൾ/നിരീക്ഷണങ്ങൾ</u>

- കാലാവസ്ഥ വ്യതിയാനങ്ങൾക്ക് അനുസരിച്ചു പ്രവർത്തി തിരഞ്ഞെടുത്തത് നടപ്പിലാക്കുക.

- ഓരോ പ്രവർത്തിയുടെ ആവശ്യകതയും അതിനാൽ ലഭിക്കുന്ന ഗുണവും തൊഴിലാളികളെയും ഗുണഭോക്തകളെയും പറഞ്ഞു മനസ്സിലാക്കി കൊടുക്കുക.

***


## പദ്ധതിയുടെ നടത്തിപ്പ് തല സംവിധാനങ്ങൾ

തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വാർഡ് തലത്തിലുള്ള തൊഴിലാളികളും മേറ്റുമാരും കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഓഫീസിലെ തൊഴിലുറപ്പു വിഭാഗത്തിലെ ജീവനക്കാരായ ഒരു അക്രെഡിറ്റഡ് എഞ്ചിനീയറും (ശ്രീ അമ്പു ഗണേശൻ) ഓവർസിയറും (ശ്രീ റഹീം) രണ്ട് ഡി.ഇ.ഒ /അക്കൗണ്ടന്റുമാരും (ശ്രീമതിദൃശ്യ, ശ്രീമതി അജിഷ) ഇതുകൂടാതെ വാർഡ് തലത്തിൽ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി വാർഡ് മെമ്പർ ശ്രീ അബ്ദുൾ നാസർ വാർഡിലെ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾ എന്നിവരുമുണ്ട്

### ഓഡിറ്റ് ടീം

1. രജിത എം.വി (വില്ലേജ് റിസോഴ്സ് പേൾസൺ)
2. അരുൺദാസ് വി.പി (വില്ലേജ് റിസോഴ്സ് പേൾസൺ)

# തൊഴിലാളികളുടെ പരാതി



**<u>തീരുമാനങ്ങളും ചർച്ചകളും</u>**

- പുതിയ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി തിരഞ്ഞെടുക്കുക .
  നിലവിൽ വാർഡിൽ ഉള്ള വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി ആക്ടീവ് അല്ലാത്തതിനാൽ പുതിയ അംഗങ്ങളെ തിരഞ്ഞെടുക്കാൻ ഗ്രാമസഭയിൽ തീരുമാനിച്ചു.
- ബൂട്ട് ഗ്ലൗസ് ടാർപോളിൻ ഷീറ്റ് എന്നിവ ലഭ്യമാക്കുക
  തൊഴിലാളികൾ എല്ലാവരുംകൂടി പഞ്ചായത്ത് സെക്രട്ടറിക്ക് ഒരു പരാതി എഴുതി കൊടുക്കുവാൻ ഓവർസിയർ മുഖാന്തരം തീരുമാനിച്ചു.
- തൊഴിൽ സ്ഥലങ്ങളിൽ പ്രഥമശുശ്രൂഷ കിറ്റ് ലഭ്യമാക്കുക.
  തൊഴിൽ സ്ഥലത്ത് ആവശ്യമുള്ള മരുന്നുകൾ വാങ്ങിച്ച് മരുന്നുകളുടെ ബില്ല് MGNREGS ഓഫീസിൽ ഏൽപ്പിക്കുകയാണെങ്കിൽ ചിലവായ തുക നൽകാമെന്ന് തീരുമാനിച്ചു .
- മൂർച്ച കുറഞ്ഞ ആയുധങ്ങൾ കുടുംബശ്രീയിലെ സി ഡി എസ് വഴി തിരിച്ചെടുക്കാനുള്ള തീരുമാനം .
- നിലവിൽ ആയുധങ്ങൾക്കുള്ള വാടക നൽകിയിരുന്നില്ല. പഞ്ചായത്തിൽനിന്ന് ലഭ്യമായിരുന്ന ആയുധങ്ങൾ വച്ചാണ് തൊഴിലാളികൾ തൊഴിൽ ചെയ്തിരുന്നത്. ആയുധങ്ങൾ മൂർച്ച കുറഞ്ഞതിനാൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിൽ ഉള്ളതിനാൽ ഇനിമുതൽ വീട്ടിൽ നിന്ന് കൊണ്ടുവരുന്ന ആയുധങ്ങൾക്ക് വാടക നൽകാമെന്ന് എന്ന് ഗ്രാമസഭയിൽ തീരുമാനിച്ചു.
- വാർഡിലെ പൊതുകുളം എരുകുളം വൃത്തിയാക്കൽ പദ്ധതി തൊഴിലുറപ്പ് വഴി ഉൾപ്പെടുത്തി നടത്തുക
- തെങ്ങിന് തടം തുറക്കൽ പൊന്ത വെട്ടൽ പ്രവർത്തികൾ തൊഴിലുറപ്പിൽ ഉൾപ്പെടുത്തി ചെയ്യുക.
  ഈ പ്രവർത്തികൾ ഒന്നും തന്നെ തൊഴിലുറപ്പ് തൊഴിലുകളിൽ ഉൾപ്പെടുന്നില്ല എന്നും അത് ചെയ്യുവാൻ അനുവദിനീയമല്ല എന്നും ഓവർസിയർ അബ്ദുറഹീം തൊഴിലാളികളെ പറഞ്ഞ് മനസ്സിലാക്കി.